# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്,എറണാകുളം

നമ്പർ .G3-18975/12 തീയതി:06/10/2020

**സർക്കുലർ നമ്പർ:29/2020-21**

വിഷയം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് - അൺഅറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ മിനിമം പെൻഷൻ പ്രതിമാസം 1400/- രൂപയാക്കി വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. 06/09/2020 തീയതിയിലെ ധനകാര്യ (എസ്.എഫ്.സി.സെൽ - ബി) വകുപ്പിൽ നിന്നുള്ള സ.ഉ.(എം.എസ്) നം.118/2020/ധന - നമ്പർ സർക്കാർ ഉത്തരവ്

2. 17/08/2020 തീയതിയിലെ നം.21/2020-21 ബോർഡ് സർക്കുലർ

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അൺഅറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് നൽകി വരുന്ന സൂപ്പറാനുവേഷൻ/വിരമിക്കൽ പെൻഷൻ, അവശത പെൻഷൻ കൂടാതെ തൊഴിലാളികളുടെ ആശ്രിതർക്ക്/നോമിനിക്ക് നൽകി വരുന്ന കുടുംബ പെൻഷൻ എന്നിവ സൂചന1 പ്രകാരം **01/09/2020 തീയതി മുതൽ** മിനിമം പെൻഷൻ തുകയായ 1,300/- രൂപയിൽ നിന്നും **1,400/-** രൂപയായും(ആയിരത്തി നാന്നൂറ് രൂപമാത്രം) അതിനോടൊപ്പം സൂചന.2 പ്രകാരം മിനിമം പെൻഷനിൽ കൂടുതൽ വാങ്ങുന്ന തൊഴിലാളികൾക്ക് തത്തുല്യമായി 100 രൂപയും (പരമാവധി 11000 രൂപ വരെ) വർദ്ധിപ്പിച്ച് നൽകേണ്ടതാണ്. 01/09/2020 തീയതി പ്രാബല്യം മുതൽ പെൻഷൻ കൈപറ്റുന്നവർക്ക് ടി ഭേദഗതികൾ ഉൾക്കൊള്ളിച്ച് ബോർഡിൻറെ പെൻഷൻ സോഫ്റ്റ്‌വെയർ പ്രോഗ്രാമിൽ മാറ്റം വരുത്തുന്നതായിരിക്കും.

**ഒപ്പ്**
**ചീഫ് എക്സിക്യൂട്ടീവ്**

പകർപ്പ്:

1. എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്കും
2. സെക്രട്ടറി, ഫിനാൻസ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ
3. ജൂനിയർ സൂപ്രണ്ട്, വെബ് അഡ്മിനിസ്ട്രേറ്റർ, സ്റ്റോക്ക് ഫയൽ

**//ഉത്തരവിൻ പ്രകാരം//**

**ജൂനിയർ സൂപ്രണ്ട്**